കുറിച്ചി സചിവോത്തമപുരം കാളനി.

570. MR. MANNAR GOPALAN NAIR (*Thiruvalla I—General*) താഴെ പറയുന്ന ചോദ്യങ്ങൾക്കു കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുറിച്ചി സചിവോത്തമപുരം കാളനിയുടെ മേൽനോട്ടം ഇപ്പോൾ ആർക്കാണ്?

(ബി) അതിന്റെ മേൽനോട്ടം വഹിക്കുന്ന ആൾ എവിടെയാണു താമസം?

(സി) അദ്ദേഹത്തിനു വേറെ ജോലി വല്ലതും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) സചിവോത്തമപുരം കാളനിയിലെ കൃഷി ഇൻസ്പെക്ടർക്കാണ്.

(ബി) സചിവോത്തമപുരത്താണു താമസം.

(സി) ഇല്ല.

MR. MANNAR GOPALAN NAIR : അദ്ദേഹം തിരുവനന്തപുരത്താണ് താമസിക്കുന്നതെന്നു അറിയാമോ?

HON'BLE MR. G. RAMACHANDRAN: ബി യുടെ ഉത്തരത്തിൽനിന്നും തിരുവനന്തപുരത്തല്ലെന്നു വ്യക്തമാണ്.

MR. MANNAR GOPALAN NAIR : തിരുവനന്തപുരത്താണു താമസമെന്നു പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

HON'BLE MR. G. RAMACHANDRAN : (ബി)യുടെ ഉത്തരത്തിൽനിന്നും അങ്ങിനെ ഒരു ചോദ്യം ഉദിക്കുന്നില്ല.

കുറുച്ചി സചിവോത്തമപുരം കാളനി.

571. MR. MANNAR GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുറുച്ചി സചിവോത്തമപുരം കാളനിക്ക് ഇതുവരെ എത്ര രൂപാ ചെലവായിട്ടുണ്ട്?

(ബി) അവിടെ എത്ര കുടികൾ താമസമുണ്ട്?

(സി) അതിന്റെ പ്രവർത്തനവ്യാപ്തി സമീപ ഗ്രാമപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly